"ഭരണഭാഷ-മാതൃഭാഷ"

OFFICE OF THE PRINCIPAL
DIRECTOR, LSGD
10 AUG 2023
THIRUVANANTHAPURAM

**കേരള സർക്കാർ**

ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പ്

നം. 65/2023/ധന. തിരുവനന്തപുരം, തീയതി:27/06/2023

## പരിപത്രം

വിഷയം:- ധനകാര്യ വകുപ്പ് - അക്രഡിറ്റഡ് ഏജൻസികൾക്ക് തുക അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ.ഉ(പി)നം.67/2021/ധന തീയതി 28/04/2021
2. സ.ഉ(പി) നം 118/2018/ധന തീയതി 03/08/2018
3. 05/03/2022 ലെ 710/ധ.പ.വി-ജെ1/ധന നമ്പർ അർദ്ധ അനൗദ്യോഗിക കുറിപ്പ്

**********************

2020-2021 സാമ്പത്തിക വർഷാവസാനം ക്രമ വിരുദ്ധമായി നടത്തിയ ട്രഷറി പേയ്മെന്റുകൾ സംബന്ധിച്ച വിഷയത്തിൽ ധനകാര്യ പരിശോധനാ വിഭാഗവും ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡുകളും നടത്തിയ പരിശോധനയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അക്രഡിറ്റഡ് ഏജൻസികൾക്ക് തുക അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സ്ഥാപന മേലധികാരികൾക്കും ട്രഷറി അധികൃതർക്കും അടിയന്തിര നിർദ്ദേശം നൽകുവാൻ സൂചന 3 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവൃത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടത്തുമ്പോൾ സ്വീകരിക്കേണ്ട

നടപടിക്രമങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് 28.04.2021 ലെ സ.ഉ(പി)നം 67/2021/ധന ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ, 03.08.2018 ലെ സ.ഉ(പി) നം 118/2018/ധന, 28/04/2021 ലെ സ.ഉ(പി)67/2021/ധന എന്നീ സർക്കാർ ഉത്തരവുകളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നിർമ്മാണ പ്രവൃത്തികൾക്ക്/വാങ്ങലുകൾക്ക്/സേവനങ്ങൾക്ക് തുക അനുവദിക്കുവാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം സ്ഥാപന മേലധികാരികൾക്കും ട്രഷറി അധികൃതർക്കും നൽകുന്നു. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**എസ്.വി.കല**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-2), കേരളം, തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ചീഫ് ടെക്നിക്കൽ എക്സാമിനർ
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും (PWD/WRD/LSGD/HED)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ-1836980

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ